# ആനിക്കാട്
# ഗ്രാമ പഞ്ചായത്ത്
# പത്തനംതിട്ട

# അന്തിമ ബജറ്റ്
# 2026-27

2026 മാർച്ച് 05

## ഭാഗം-1

# ബജറ്റ് പ്രസംഗം

## മോളിക്കുട്ടി സിബി

വൈസ്പ്രസിഡൻറ്
&ചെയർപേഴ്സൺ, ധനകാര്യസ്റ്റാൻഡിങ്കമ്മിറ്റി

ആദരണീയ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്, എന്റെ സഹപ്രവർത്തകരായ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ ചെയർപേഴ്സൺമാർ,ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ മറ്റ് വിശിഷ്ട വ്യക്തികളേ,

2025 ഡിസംബർ മാസം അധികാരത്തിൽ വന്ന ഈ ഭരണ സമിതിയുടെ ആദ്യബജറ്റ് ആണ് ഞാൻ ഇന്ന് ഇവിടെ അവതരിപ്പിക്കുന്നത്.നമുക്കറിയാം, കേരള പഞ്ചായത്തീരാജ് ആക്ട് (1994) അനുസരിച്ച്, ത്രിതല പഞ്ചായത്ത് സംവിധാനത്തിലെ ഏറ്റവും താഴെ തട്ടിലെ തലമാണ് ഗ്രാമപഞ്ചായത്തുകൾ. താഴേ തട്ടിൽ നിന്നുള്ള വികസനമാണ് ഒരു നാടിന്റെ മുഖഛായയെ തന്നെ മാറ്റുന്നത്. 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ ഈ ബജറ്റ് അവതരിപ്പിക്കുന്നത് വലിയൊരു ഉത്തരവാദിത്തമായും അഭിമാനമായും ഞാൻ കണക്കാക്കുന്നു. മുൻ വർഷങ്ങളിലെല്ലാം തന്നെ മാതൃകാപരമായ നൂതന ആശയങ്ങൾ പദ്ധതികളായി രൂപപ്പെടുത്തി ജനങ്ങളിലെത്തിക്കുവാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ ഗ്രാമപഞ്ചായത്തുകൾ വഹിക്കുന്ന നിർണ്ണായക പങ്ക് ഉൾക്കൊണ്ടുകൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ആധുനികതയും പാരമ്പര്യവും കൈകോർക്കുന്ന, പാർശ്വവത്കരിക്കപ്പെട്ടവർക്ക് കൈത്താങ്ങാകുന്ന ഒരു വികസനമാതൃകയാണ് ഈ ഭരണ സമിതി വിഭാവനംചെയ്യുന്നത്. നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ വികസനചരിത്രത്തിൽ പുതിയൊരു അധ്യായം കുറിക്കാനാണ് ഈ ഭരണസമിതി ആഗ്രഹിക്കുന്നത്. വെറും അക്കങ്ങളും കണക്കുകളും നിരത്തുന്ന ഒരുരേഖയല്ല ഈ ബജറ്റ്; മറിച്ച്, നമ്മുടെ ഗ്രാമ പഞ്ചായത്തിലെ ഓരോ പൗരന്റെയും സ്വപ്നങ്ങളെയും പ്രതീക്ഷകളെയും നെഞ്ചോട്ടു ചേർക്കുന്ന ഒരു വികസന രൂപ രേഖയാണിത്. പരിസ്ഥിതിയെ മുറിപ്പെടുത്താത്ത വികസനം, പാർശ്വവത്കരിക്കപ്പെട്ട ജനതയെ ചേർത്തുപിടിക്കുന്ന കരുതൽ, കാർഷിക മേഖലയിലൂടെ മെച്ചപ്പെട്ട ജീവനോപാധി,

ആരോഗ്യമുള്ള യുവ തലമുറ എന്നിവയാണ് ഈ ബജറ്റിന്റെനാല് നെടുംതൂണുകൾ. കൃഷിയിടം മുതൽ ക്ലാസ്സ് മുറികൾ വരെയും, കളിസ്ഥലം മുതൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വരെയും വികസനത്തിന്റെ വെളിച്ചമെത്തിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്. ജില്ലയിലെ തന്നെ താരതമ്യേന ഏറ്റവും ചെറിയ പഞ്ചായത്തുകളിലൊന്നാണ് നമ്മുടെ പഞ്ചായത്ത്. കുറഞ്ഞ വരുമാനവും വരവിനോളം തന്നെയുള്ള ചെലവും നാം നേരിടുന്ന മുഖ്യ പ്രതിസന്ധിയാണ്. ആ പരിമിതി കൃത്യമായി മനസിലാക്കി കൊണ്ടുതന്നെ പഞ്ചായത്തിൻറെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജനപ്രതിനിധികളുടെ സഹകരണത്തോടെ ജീവനക്കാര് നടത്തി വരുന്നു. ഈ വർഷം നികുതി പിരിവ് ക്യാമ്പുകൾ സംഘടിപ്പിച്ചും ഫീൽഡ് തലത്തിൽ പ്രവർത്തിച്ചും 100 ശതമാനം നികുതി പിരിവ് കൈവരിക്കുക എന്ന ലക്ഷ്യത്തിലേക്കെത്തുവാനാണ് നാം പരിശ്രമിക്കുന്നത്.

## കൃഷി

കാർഷികമേഖലയിൽ കൂടുതൽ അടിസ്ഥാനവികസനസൗകര്യങ്ങൾ സാധ്യമാക്കുന്നതിനും, കാർഷികമേഖലയിലെപ്രവർത്തനങ്ങൾക്കുമായി ഈ ബജറ്റിൽ 1375000/- ( പതിമൂന്ന് ലക്ഷത്തി എഴുപത്തിയ്യായിരം രൂപ) രൂപയാണ് വകയിരുത്തിയിരിക്കുന്നത്. വിവിധ കൃഷിവികസന പ്രവർത്തനങ്ങളുടെ ഭാഗമായി - തെങ്ങിന് രാസവളം വിതരണം ചെയ്യൽ, കുരുമുളക് കൃഷിക്ക് പ്രോത്സാഹനം നൽകൽ, വാഴ കൃഷി പ്രോത്സാഹിപ്പിക്കൽ, തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കൽ, ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യൽ, കവുങ്ങ് കൃഷിക്ക് പ്രോത്സാഹനം നൽകൽ, ജാതി തൈകൾ വിതരണം ചെയ്യൽ, വന്യമൃഗങ്ങളിൽ നിന്ന് കൃഷിയെ സംരക്ഷിക്കുന്നതിന് സോളാർ ഫെൻസിംഗ് സ്ഥാപിക്കാൻ സബ്സിഡി അനുവദിക്കൽ, HDPE ചട്ടികൾ വിതരണം ചെയ്യൽ, വിത്ത് ഇഞ്ചി, മഞ്ഞൾ കിറ്റുകൾ വിതരണം ചെയ്യൽ, കൃഷി ഓഫീസിലെ കണ്ടിൻജൻസി ചെലവുകൾ വഹിക്കൽ, തെങ്ങ്

രോഗനിവാരണത്തിന് മരുന്ന് തളിക്കൽ, പഴയ തെങ്ങുകൾ വെട്ടി മാറ്റി പുതിയ തൈകൾ നട്ട് പുനർകൃഷി നടത്തൽ, കൂടാതെ ജലസേചനത്തിനായി പമ്പ് സെറ്റ് വിതരണം ചെയ്യൽ എന്നിവ നടപ്പിലാക്കാൻ പദ്ധതികൾ രൂപ കൽപ്പന ചെയ്തിട്ടുണ്ട്. .

## കുടിവെള്ളം

'ദാഹിക്കുന്നവന് ഒരുതുള്ളിജലം' എന്നത്കേവലംഒരുമുദ്രാവാക്യമല്ല, അത് നമ്മുടെപ്രാഥമികഉത്തരവാദിത്തമാണ്. ആനിക്കാട് ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ വിവിധയിടങ്ങളിൽ കുഴൽകിണർ നിർമ്മാണം, കുടിവെള്ള പദ്ധതികൾ എന്നിവയ്ക്കൊപ്പം തന്നെ നമ്മുടെ കിണറുകളും കുളങ്ങളും റീചാർജ്ചെയ്യുന്ന പ്രവർത്തനങ്ങൾക്കും നാം മുൻഗണനനൽകും. ശുദ്ധജലം ഓരോ വീട്ടിലും എത്തുന്നു എന്ന് ഉറപ്പ് വരുത്തും. ആയവയ്ക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ടിൽ നിന്നും പന്ത്രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ വകയിരുത്തുന്നു.

## മാലിന്യനിർമ്മാർജ്ജനം

ശുചിത്വമാണ് ആരോഗ്യത്തിന്റെ അടിസ്ഥാനം. മാലിന്യമില്ലാത്ത മണ്ണും പ്രകൃതിയുമുള്ള ഒരു ഗ്രാമം ആയി നമ്മുടെ ഗ്രാമത്തെ മാറ്റാൻ പദ്ധതികൾ ആവിഷ്കരിക്കും. മാലിന്യം നമ്മുടെ വീടുകളിൽ നിന്ന് പുറന്തള്ളേണ്ട ഒന്നല്ല, മറിച്ച് ശരിയായ രീതിയിൽ സംസ്കരിച്ചാൽ വരും തലമുറയ്ക്ക് ആരോഗ്യമുള്ള ആവാസ വ്യവസ്ഥ പ്രദാനം ചെയ്യാൻ സാധിക്കും എന്നും നാം തെളിയിക്കും. ഹരിത കർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ശുചിത്വ മേഖലയിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് വകയിരുത്തും .കൂടാതെ പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നവർക്കും പൊതുഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കും നിയമപ്രകാരമുള്ള പിഴ കർശനമായി ചുമത്തിക്കൊണ്ട് ഒരു

സാമൂഹ്യ വിപത്തിനെ ചെറുക്കുന്നതിനും പഞ്ചായത്തിൻറെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നമുക്ക് ഒരുമിച്ച് പ്രവർത്തിയ്ക്കാം.

## മൃഗസംരക്ഷണം

നമ്മുടെ ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ ജീവനാഡിയാണ് മൃഗ സംരക്ഷണ മേഖല. കർഷകന്റെ പശുവും ആടും കോഴിയും വെറും മൃഗങ്ങളല്ല, അവന്റെ കുടുംബത്തിന്റെ പ്രതീക്ഷകളാണ്. ആ പ്രതീക്ഷകൾക്ക് കരുത്തു പകരാൻ മൃഗങ്ങൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കോഴി വളർത്തലിലൂടെ അധികവരുമാനം ഉറപ്പാക്കാനും നാം മുൻഗണന നൽകും. മൃഗസംരക്ഷണ മേഖലയുടെ വികസനത്തിനായി ജനറൽ വിഭാഗത്തിന് കറവപ്പശു, പോത്തുകുട്ടി മുട്ടക്കോഴി ധാതുലവണങ്ങൾ എന്നിവ വിതരണംചെയ്യുന്നതിനും മൃഗാശുപത്രിയിലെ കണ്ടിജൻസി ചെലവുകൾ വഹിക്കൽ, മൃഗാശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങൽ, മൃഗങ്ങളിലെ പകർച്ചവ്യാധികളും ജന്തുജന്യരോഗങ്ങളും തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തൽ, വളർത്തുനായ്ക്കൾക്ക് പേവിഷ പ്രതിരോധകുത്തിവെപ്പ് നൽകൽ, കൂടാതെ മൃഗാശുപത്രിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കൺസ്യൂമബിൾസ് വാങ്ങൽ എന്നിവയ്ക്കായി ഇരുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റയ്യായിരം രൂപ (2495000/-) വകയിരുത്തുന്നു.

## ക്ഷീരവികസനവും മത്സ്യമേഖലയും

വിശ്രമമില്ലാതെ അധ്വാനിക്കുന്ന നമ്മുടെ ക്ഷീര കർഷകരുടെ വിയർപ്പിന് മൂല്യം നൽകാൻ ഈ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. ക്ഷീര മേഖലയെ ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും. തീറ്റപ്പുല്ല് കൃഷിക്കുള്ള പ്രോത്സാഹനവും ഇതിന്റെ ഭാഗമാണ്. പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യം ഇതിലൂടെ നമ്മുടെ ഗ്രാമം കൈവരിക്കും. ക്ഷീര കർഷകർക്ക് ഗ്രാമ-ബ്ലോക്ക് -ജില്ലാപഞ്ചായത്തുകൾ സബ്സിഡി നൽകുന്ന പദ്ധതിയായ

പാലിന് സബ്സിഡി നൽകൽഎന്ന പദ്ധതിയ്ക്ക് മൂന്ന് ലക്ഷത്തി അമ്പതിനായിരം (350000/-) രൂപയും കാലിത്തീറ്റ സബ്സിഡി നൽകുന്നതിനായി നാല് ലക്ഷം (400000/-) രൂപയുംഉൾപ്പെടെ മൃഗസംരക്ഷണത്തിന് ആകെ ഏഴ് ലക്ഷത്തി എഴുപതിനായിരം രൂപ (7700000/-) വകയിരുത്തുന്നു. മുറ്റത്തൊരുമീൻതോട്ടം എന്ന പദ്ധതി നടപ്പാക്കി ജനങ്ങൾക്ക് വരുമാന മാർഗ്ഗം ഉറപ്പാക്കുന്നതിനും ഈ ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

## ആരോഗ്യം

2026-27 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയ്ക്കായി പതിനഞ്ച് ലക്ഷത്തി അമ്പത്തി മൂവായിരം (1553000/-) രൂപ വകയിരുത്തിയിട്ടുണ്ട്. ആനിക്കാട് ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള അലോപ്പതി ആയുർവേദ ഹോമിയോ ആശുപത്രികളിൽ മരുന്ന് ലഭ്യത, അടിസ്ഥാന സൗകര്യം എന്നിവ ഉറപ്പാക്കി ഗ്രാമീണ ജനതക്ക് ഉറപ്പുള്ള ആതുര ശുശ്രൂഷ അനുഭവവേദ്യമാക്കുന്നിനായി ആയുർവേദ ആശുപത്രിയിലേക്ക് സ്ത്രീകൾക്കുള്ള പ്രസവരക്ഷാ കിറ്റ് വാങ്ങൽ എന്നത് ഉൾപ്പെടെ വിവിധ പദ്ധതികളാണ് 2026-27ബജറ്റിൽ വിഭാവനം ചെയ്യുന്നത്. ആശുപത്രികളുടെ മരുന്ന് വാങ്ങൽ, ദൈനംദിന ചെലവുകൾ എന്നിവയ്ക്ക് പുറമെ കെട്ടിടങ്ങൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾക്കും, ചുറ്റുമതിൽ നിർമ്മാണത്തിനും ഫണ്ട് വകയിരുത്തിയിരിയ്ക്കുന്നു.

## പാർപ്പിടം

സ്വന്തമായൊരു വീട് എന്നത് ഓരോമനുഷ്യന്റെയും സ്വപ്നമാണ്. ലൈഫ് മിഷനിലൂടെ സർക്കാർ പതിനായിരങ്ങൾക്ക് വീട് നൽകി. എല്ലാവർക്കും പാർപ്പിടം എന്ന സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന് ശക്തിപകരുന്നതിനായി പുതിയ നിർമ്മാണവും മെയിന്റനൻസിനുമായി ജനറൽ/ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവനപദ്ധതികൾക്കായി 2026-27 സാമ്പത്തികവർഷത്തെ ബജറ്റിൽ 77 ലക്ഷം രൂപയോളം വകയിരുത്തുന്നു.

## പട്ടികജാതിപട്ടികവർഗ്ഗവികസനം

സാമൂഹികനീതി ഉറപ്പാക്കുക എന്നത് നമ്മുടെ ഭരണഘടനാപരമായ ബാധ്യതയാണ്.പട്ടികജാതി വിഭാഗങ്ങളുടെ ഭവന പദ്ധതികൾക്കായി വകയിരുത്തിയ തുകയ്ക്ക് പുറമേ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് 2026-27സാമ്പത്തികവർഷത്തെ ബജറ്റിൽ പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി നാന്നൂറ് (1396400/-) രൂപ വകയിരുത്തുന്നു. സാമൂഹ്യനീതി–വികസന പദ്ധതികളുടെ ഭാഗമായി എസ്.സി കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകൽ, എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം, പട്ടികജാതി യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ ആരംഭിക്കാൻ ധനസഹായവും പ്രോത്സാഹനവും നൽകൽ, എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണത്തിന് സഹായം നൽകൽ, പട്ടികജാതി വിഭാഗക്കാർക്ക് വിവാഹ ധനസഹായം അനുവദിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും അതിലൂടെ പിന്നോക്കം നിൽക്കുന്ന, പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി ജനവിഭാഗങ്ങളുടെ സമഗ്ര മുന്നേറ്റത്തിനായി നൂതനവും പ്രായോഗികവുമായ പദ്ധതികളാണ് ഈ ബഡ്ജറ്റിലൂടെ വിഭാവനം ചെയ്യുന്നത്.

## വനിതാവികസനം

നമ്മുടെ ചരിത്രവും വളർച്ചയും പരിശോധിച്ചാൽ അതിൽ ഇവിടുത്തെ സ്ത്രീകളുടെ കയ്യൊപ്പ് കാണാൻ കഴിയും. ഭരണസിരാകേന്ദ്രങ്ങളിലെ ഉന്നതപദവികൾ അലങ്കരിക്കുന്നവർ മുതൽ മലയോരത്ത് മണ്ണിൽ പൊന്ന് വിളയിക്കുന്നവർ വരെ നമ്മുടെ കരുത്താണ്. എന്നാൽ ഈ ആധുനിക കാലത്തും സുരക്ഷാ പ്രശ്നങ്ങളും സാമ്പത്തികമായ അസ്ഥിരതയും അവർ നേരിടുന്നുണ്ട്. വനിതകളുടെ ഉന്നമനത്തിനായി 2026-27 സാമ്പത്തികവർഷത്തെ ബജറ്റിൽ ഇരുപത് ലക്ഷത്തി ഇരുപതിനായിരം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. വനിത ശാക്തീകരണവും ക്ഷേമവും ലക്ഷ്യമാക്കി ജാഗ്രതാസമിതി ശക്തിപ്പെടുത്തുകയും കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററുടെ

സേവനം ഉറപ്പാക്കുക, വനിതകൾക്ക് സ്വയംതൊഴിൽ ആരംഭിക്കാൻ സഹായം നൽകുക, സ്ത്രീകൾക്ക് തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനായി ഷീ ഓട്ടോ പദ്ധതി നടപ്പിലാക്കുക, വനിതകൾക്കായി ഓപ്പൺ ജിം സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

## പൊതുമരാമത്ത്

പൊതുമരാമത്ത് മേഖലയിൽ നമ്മുടെ ഗ്രാമത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായതും സുസ്ഥിരവുമായ വികസനം ലക്ഷ്യമിടുന്ന പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. കേവലംറോഡ് നിർമ്മാണത്തിനപ്പുറംദീർഘകാല അടിസ്ഥാനത്തിലുള്ള മാറ്റങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ആയതിലേയ്ക്കായി തൊണ്ണൂറ്റി നാല് ലക്ഷത്തി ഇരുപത്തിഒമ്പതിനായിരം (9429000/-) രൂപ വകയിരുത്തിയിട്ടുണ്ട്.

## കായികം

കായികാഭ്യാസം അല്ലെങ്കിൽ കായികവിനോദങ്ങൾ കേവലം വിനോദത്തിനുള്ള ഒരു ഉപാധി മാത്രമല്ല, മറിച്ച് ഒരു വ്യക്തിയുടെ സമഗ്രമായ വളർച്ചയ്ക്കും ആരോഗ്യത്തിനും അത്യാവശ്യമായ ഒന്നാണ്. "ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യകരമായ മനസ്സുണ്ടാകൂ" എന്ന പ്രമാണം സ്പോർട്സിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ഇന്ന് നമ്മുടെ യുവതലമുറ നേരിടുന്ന പ്രധാന വെല്ലുവിളികളാണ് ഹൃദ്രോഗം, പ്രമേഹം (Diabetes), അമിതവണ്ണം തുടങ്ങിയ ജീവിത ശൈലീരോഗങ്ങൾ. ഇവ തടയാൻ പതിവായ കായിക പരിശീലനം സഹായിക്കുന്നതോടൊപ്പം രോഗപ്രതിരോധവും കരുത്തും മെയ് വഴക്കവും പകർന്ന് നൽകുന്നു. മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും ഏകാഗ്രത ലഭിക്കുന്നതിനും സ്പോർട്സ് മികച്ചൊരു മരുന്നാണ്. സ്പോർട്സ് മൈതാനങ്ങൾ ജീവിതത്തിലെ വലിയ പാഠങ്ങളായ അച്ചടക്കം, തോൽവി അംഗീകരിക്കൽ തുടങ്ങിയവ പഠിപ്പിക്കുന്ന ഇടങ്ങളാണ്. ആനിക്കാടിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്ത് ഗ്രൗണ്ടില്ലായെന്നത് നികത്താനാകാത്ത ഒരു കുറവ് തന്നെയാണ്.

യുവ തലമുറയ്ക്കായി പഞ്ചായത്ത് മൈതാനം എന്ന ലക്ഷ്യത്തോടെ ഗ്രാമീണ ജനതയുടെ കായിക ഉന്നമനത്തിനായി ഒമ്പത് ലക്ഷത്തി പതിനാലായിരം രൂപ വകയിരുത്തിയിരിയ്ക്കുന്നു. അധികമായി വരുന്ന തുക ക്രൗഡ് ഫണ്ടിങ്ങിലൂടെ കണ്ടെത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

മേൽ പദ്ധതികൾക്ക് പുറമേ ഊർജ്ജ സംരംക്ഷത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി മൂന്ന് ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു. കൂടാതെ ഗ്രാമ പഞ്ചായത്തിൽ ഹാപ്പിനസ് പാർക്ക്/ ആഡിറ്റോറിയം എന്നിവ നിർമ്മിയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് അഞ്ച് ലക്ഷം രൂപ വകയിരുത്തുന്നു.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം2026-27 സാമ്പത്തികവർഷത്തെ ഗ്രാമപഞ്ചായത്തിന്റേതായി 38800 ദിനങ്ങൾ സൃഷ്ടിക്കുന്നതിന് രണ്ട് കോടി രൂപയുടെലേബർ ബജറ്റുംഇതോടൊപ്പംഅംഗീകാരത്തിനായിസമർപ്പിക്കുന്നു.

പ്രിയമുള്ളവരേ, ഇന്ന് ഇവിടെ അവതരിപ്പിച്ച ആനിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് കണക്കുകൾ മാത്രമല്ല, മറിച്ച് നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ ശോഭനമായ ഭാവിയിലേക്കുള്ള മാർഗ്ഗരേഖയാണ്. വെല്ലുവിളികൾ ഏറെയുണ്ടെങ്കിലും, ആത്മവിശ്വാസത്തോടെ നാം മുന്നേറുകയാണ്. ഈ ബജറ്റിലെ ഓരോ പദ്ധതിയും യാഥാർത്ഥ്യമാക്കാൻ നിങ്ങളുടെ ഏവരുടേയും പൂർണ്ണ പിന്തുണ ഞാൻ അഭ്യർത്ഥിക്കുന്നു.

| ആനിക്കാട് ഗ്രാമപഞ്ചായത്ത് ബജറ്റ് 2026-27 | |
|---|---|
| ആകെ അടങ്കൽ വരവ് -<br>(മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ ബജറ്റ് ഉൾപ്പെടെ) | 20000000 |
| ആകെ അടങ്കൽ ചെലവ്<br>(മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ ബജറ്റ് ഉൾപ്പെടെ) | 20000000 |

| പ്രതീക്ഷിക്കുന്ന വരവിന്റെ വിശദാംശങ്ങൾ | | |
|---|---|---|
| 1 | പ്രാരംഭബാക്കി | 18147504 |
| 2 | ആകെ നികുതിയിതര വരുമാനം | 74288800 |
| 3 | ആകെ മൂലധന വരുമാനം | 71705869 |
| 4 | ആകെ വരുമാനം | 145994669 |
| 5 | മൊത്തം വരവ് | 164142173 |

| പ്രതീക്ഷിക്കുന്ന ചെലവിന്റെ വിശദാംശങ്ങൾ | | |
|---|---|---|
| 1 | ആകെറവന്യൂ ചെലവ് (അനിവാര്യ ചുമതലകൾ) | 89760900 |
| 2 | ആകെപദ്ധതി ചെലവ് | 51705869 |
| 3 | ആകെമൂലധന ചെലവ് | 3820000 |
| 4 | മൊത്തം ചെലവ് | 145286769 |
| 5 | നീക്കി ബാക്കി | 18855404 |
| 3 | കേന്ദ്രാവിഷ്കൃതപദ്ധതികൾക്കുള്ള (MGNREGS) ഗ്രാന്റുകൾ | 20000000 |

2026-27 ലെ 18855404/- രൂപ (ഒരു കോടി എൺപത്തി എട്ട് ലക്ഷത്തി അമ്പത്തി അയ്യായിരത്തി നാന്നൂറ്റി നാല് രൂപ മാത്രം) മിച്ചം വരുന്ന ഈ ബജറ്റ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

## ഭാഗം-2

# ബജറ്റ് കണക്കുകൾ

| Major Headwise Report | | | |
|---|---|---|---|
| 2026-2027 | | | |
| SN | HEAD OF ACCOUNTS | BUDGET FOR THE CURRENT YEAR | BUDGET FOR NEXT YEAR |
| | Revenue Receipt - 1 | | |
| 1 | Tax Revenues - 110 | | 8630000 |
| 2 | Fees and User Charges - 140 | | 2872300 |
| 3 | Sale and Hire Charges - 150 | | 61000 |
| 4 | Revenue Grants, Contributions and Subsidies - 160 | | 62012900 |
| 5 | Interest Earned - 171 | | 300000 |
| 6 | Prior Period Items - 280 | | 400000 |
| 7 | Rental Income - LB Properties - 130 | | 12600 |
| | Total Revenue Receipt | 60910245 | 74288800 |
| | Capital Receipt - 2 | | |
| 8 | Grants, Contribution for Specific Purposes - 320 | | 71705869 |
| 9 | Deposits Received - 340 | | 0 |
| 10 | Other Liabilities - 350 | | 0 |

| | | | |
|---|---|---|---|
| 11 | Redemption - 431 | | 0 |
| 12 | Loans, Advances and Deposits - 460 | | 0 |
| | Total Capital Receipt | 86043462 | 71705869 |
| | Revenue Expenditure - 3 | | |
| 13 | Establishment Expenses - 210 | | 15766000 |
| 14 | Administrative Expenses - 220 | | 1995000 |
| 15 | Operation and Maintenance - 230 | | 1910000 |
| 16 | Interest and Finance Charges - 240 | | 5000 |
| 17 | Programe Expenses - 250 | | 20010000 |
| 18 | Expenses Related to Productive Sector - 251 | | 0 |
| 19 | Expenses Related to Service Sector - 252 | | 0 |
| 20 | Expenses Related to Infrastructure Sector - 253 | | 0 |
| 21 | Expenses related to State Sponsored Schemes - 254 | | 49974900 |
| 22 | Prior Period Items - 280 | | 100000 |
| | Total Revenue Expenditure | 119302067 | 89760900 |
| | Capital Expenditure - 4 | | |

| | | | |
|---|---|---|---|
| 23 | Grants, Contribution for Specific Purposes - 320 | | 0 |
| 24 | Refund of Deposits - 340 | | 0 |
| 25 | Payment of Recoveries - 350 | | 1450000 |
| 26 | Fixed Assets - 410 | | 0 |
| 27 | Redemption - 431 | | 0 |
| 28 | Loans, Advances and Deposits - 460 | | 2370000 |
| | Total Capital Expenditure | 21983557 | 3820000 |
| | Total Plan Expnditure | | 51705869 |
| | Total Expenditure | 141285624 | 93580900 |
| | Total Receipts | 146953707 | 145994669 |
| | Balance | 17574626 | 18855404 |

വിശദമായ ഹെഡുകൾ പ്രകാരമുള്ള ബഡ്ജറ്റ് ചുവടെ ചേർക്കുന്നു.

| Form 1 | | | |
|---|---|---|---|
| 2026-2027 NEW BUDGET | | | |
| SN | HEAD OF ACCOUNTS | BUDGET FOR THE CURRENT YEAR | BUDGET FOR NEXT YEAR |
| | Opening Balance | 11906543 | 18147504 |
| | Revenue Receipt - 1 | | |
| | Tax Revenues - 110 | | |
| 1 | 1100101 Property Tax (General) | 5300000 | 7830000 |
| 2 | 1101001 Profession Tax  Employees | 500000 | 700000 |
| 3 | 1101002 Profession Tax - Traders/ Institutions | 0 | 100000 |
| | Total Tax Revenues | 5800000 | 8630000 |
| | Fees and User Charges - 140 | | |
| 4 | 1401099 Other Empanelment & Registration Charges | 45000 | 45000 |

| | | | |
|---|---|---|---|
| 5 | 1401101 License Fees for IFTEOS | 150000 | 250000 |
| 6 | 1401105 License fee for Domestic Animals | 1000 | 1500 |
| 7 | 1401106 License Fees for Domestic Dogs | 4000 | 5000 |
| 8 | 1401201 Fees for Construction of Buildings | 304444 | 450000 |
| 9 | 1401202 Fees for Installation of Machinery | 0 | 5000 |
| 10 | 1401203 Permit Application fee | 900000 | 950000 |
| 11 | 1401205 Fees for Erection of Telecommunication Tower | 21000 | 75000 |
| 12 | 1401301 Fees for Birth & Death Certificate | 0 | 500 |
| 13 | 1401302 Fees for Delayed Registration - Birth & Death | 200 | 500 |
| 14 | 1401303 Fees for Marriage Certificate | 0 | 100 |
| 15 | 1401304 Fee for Marriage Registration | 8000 | 10000 |
| 16 | 1401305 Fee for Non Availability Certificate | 50 | 200 |
| 17 | 1401306 Fee for Correction in Registration | 250 | 500 |
| 18 | 1401399 Fees for Other Certificates or | 18000 | 25000 |

| | | | |
|---|---|---|---|
| | Extracts | | |
| 19 | 1401401 Fees under RTI Act | 0 | 5000 |
| 20 | 1401701 Regularization Fees | 98000 | 150000 |
| 21 | 1402001 Penal Interest | 13000 | 15000 |
| 22 | 1402003 Other Penalities and Fines | 280000 | 300000 |
| 23 | 1402004 Compounding Fee | 25000 | 25000 |
| 24 | 1402005 Fine for Dumping Waste | 0 | 100000 |
| 25 | 1404002 Notice Fees | 500 | 500 |
| 26 | 1404004 Ownership Change Fees - Fine | 250000 | 350000 |
| 27 | 1404008 Delayed Registration Fees | 2000 | 2000 |
| 28 | 1404009 Search Fees | 200 | 1000 |
| 29 | 1404011 Late Fee | 0 | 500 |
| 30 | 1404099 Other Fees | 100000 | 0 |
| 31 | 1405017 Water Connection / Disconnection/ Renewal Service Charge | 6000 | 0 |
| 32 | 1405099 Other User Charges | 98000 | 50000 |

| | | | |
|---|---|---|---|
| 33 | 1407001 Road Cutting Charges | 0 | 5000 |
| 34 | 1408001 Other Charges | 86000 | 50000 |
| | **Total Fees and User Charges** | **2410644** | **2872300** |
| | **Sale and Hire Charges - 150** | | |
| 35 | 1501099 Receipts from Sale of Other Products | 30000 | 0 |
| 36 | 1501101 Receipts from Sale of Forms | 100000 | 50000 |
| 37 | 1501102 Receipts from Sale of Tender Forms | 700 | 1000 |
| 38 | 1501202 Receipts from Sale of Scrap | 50000 | 10000 |
| | **Total Sale and Hire Charges** | **180700** | **61000** |
| | **Revenue Grants, Contributions and Subsidies - 160** | | |
| 39 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | 3957400 | 3957400 |
| 40 | 1601012 Fund for Transferred Functions/ Schemes - Widow Pension | 8475000 | 8475000 |

| | | | |
|---|---|---|---|
| 41 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | 523200 | 523200 |
| 42 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | 3585500 | 3585500 |
| 43 | 1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage | 30000 | 150000 |
| 44 | 1601018 Fund for Transferred Functions/ Schemes - Old Age Pension | 25483800 | 25483800 |
| 45 | 1601023 General Purpose Fund | 10201001 | 12038000 |
| 46 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | 0 | 7800000 |
| | Total Revenue Grants, Contributions and Subsidies | 52255901 | 62012900 |
| | Interest Earned - 171 | | |
| 47 | 1711001 Interest from Bank Accounts | 250000 | 300000 |
| | Total Interest Earned | 250000 | 300000 |
| | Prior Period Items - 280 | | |

| | | | |
|---|---|---|---|
| 48 | 2801001 Prior Period Income | 0 | 400000 |
| | Total Prior Period Items | 0 | 400000 |
| | Rental Income - LB Properties - 130 | | |
| 49 | 1301003 Rent from Shopping Complex | 13000 | 12600 |
| | Total Rental Income | 13000 | 12600 |
| | Total Revenue Receipt | 60910245 | 74288800 |
| | Capital Receipt - 2 | | |
| | Grants, Contribution for Specific Purposes - 320 | | |
| 50 | 3201001 Grants for Specific Purposes - Health Grant towards conversion of PHCs and Subcentres into Health and Wellness Centres | 144000 | 0 |
| 51 | 3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs | 384000 | 0 |
| 52 | 3201004 Central Finance Commission Grant - Tied | 3411766 | 4362766 |

| | | | |
|---|---|---|---|
| 53 | 3201005 Central Finance Commission Grant - Untied | 1670103 | 1670103 |
| 54 | 3201020 Intergrated Child Development Service | 900000 | 600000 |
| 55 | 3201035 Total Sanitation Campaign | 1948006 | 0 |
| 56 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | 16000000 | 20000000 |
| 57 | 3202001 Development Fund - General | 11650000 | 18651000 |
| 58 | 3202002 Development Fund - Special Component Plan | 4895960 | 5240000 |
| 59 | 3202009 Maintenance Fund - Road Assets | 10500655 | 9429000 |
| 60 | 3202010 Maintenance Fund - Non-Road Assets | 7736014 | 6253000 |
| 61 | 3202015 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Solid Waste Management | 400000 | 0 |
| 62 | 3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored | 3000000 | 0 |

| | | | |
|---|---|---|---|
| | Scheme Funds - Life Mission | | |
| 63 | 3202027 Grants For Specific Purposes - Election | 17500 | 0 |
| 64 | 3203001 Grant from Other Government Agencies | 200000 | 0 |
| 65 | 3207002 Contribution - other Funds | 0 | 5500000 |
| 66 | 3208010 Beneficiary Contribution | 8114148 | 0 |
| 67 | 3209001 Contribution to Joint Venture Projects from District Panchayat | 4550000 | 0 |
| 68 | 3209002 Contribution to Joint Venture Projects from Block Panchayat | 5250000 | 0 |
| | Total Grants, Contribution for Specific Purposes | 80772152 | 71705869 |
| | Redemption - 431 | | |
| 69 | 4315002 Receivables from Government (redemption amount) | 5205310 | 0 |
| | Total Redemption | 5205310 | 0 |
| | Loans, Advances and Deposits - 460 | | |

| | | | |
|---|---|---|---|
| 70 | 4601001 Festival Advance to Employees | 66000 | 0 |
| | Total Loans, Advances and Deposits | 66000 | 0 |
| | Total Capital Receipt | 86043462 | 71705869 |
| | Revenue Expenditure - 3 | | |
| | Establishment Expenses - 210 | | |
| 71 | 2101001 Salaries -Secretary | 1120000 | 1700000 |
| 72 | 2101002 Salaries - Engineering Staff | 0 | 0 |
| 73 | 2101003 Salaries - Permanent Staff | 5300000 | 9000000 |
| 74 | 2101004 Salaries - Contract Staff | 2229565 | 400000 |
| 75 | 2101007 Salaries - Part time Contingent Staff | 168000 | 180000 |
| 76 | 2101101 Wages | 810345 | 875000 |
| 77 | 2101201 Bonus | 25000 | 32000 |
| 78 | 2101401 Honourarium | 95800 | 110000 |
| 79 | 2101501 Festival Allowance | 25250 | 30000 |

| | | | |
|---|---|---|---|
| 80 | 2102001 Travelling Allowances - Secretary | 20000 | 60000 |
| 81 | 2102003 Travelling Allowances - Permanent Staff | 5000 | 150000 |
| 82 | 2102009 Other allowances - Temporary Staff | 38000 | 55000 |
| 83 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | 1663882 | 3000000 |
| 84 | 2102018 Spectacle Allowance | 0 | 15000 |
| 85 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | 10000 | 50000 |
| 86 | 2102020 Telephone Allowance - Secretary | 2820 | 3000 |
| 87 | 2102021 Telephone Allowance - Mayor/ Chairperson/ President | 2820 | 3000 |
| 88 | 2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President | 1500 | 3000 |
| 89 | 2103001 Employer's Contribution to Pension Fund - Regular Employees | 0 | 0 |
| 90 | 2104001 Terminal Leave Surrender | 0 | 100000 |

| | | | |
|---|---|---|---|
| | Total Establishment Expenses | 11517982 | 15766000 |
| | Administrative Expenses - 220 | | |
| 91 | 2201001 Rent of Buildings | 20000 | 0 |
| 92 | 2201101 Office Electricity Expenses | 63000 | 115000 |
| 93 | 2201102 Water Charges - Office | 20000 | 20000 |
| 94 | 2201105 Water Charges - LB buildings | 1000 | 0 |
| 95 | 2201199 Other Office Maintenance Expenses | 15000 | 50000 |
| 96 | 2201201 Telephone Expenses/ Internet Charges | 40000 | 45000 |
| 97 | 2201202 Postage Expenses | 40000 | 55000 |
| 98 | 2201299 Miscellaneous Communication Expenses | 16317 | 25000 |
| 99 | 2201301 Electricity Charges - Allied Institutions | 5500 | 0 |
| 100 | 2201302 Water Charges - Allied Institutions | 5000 | 0 |
| 101 | 2202001 Books & Periodicals | 5000 | 20000 |

| | | | |
|---|---|---|---|
| 102 | 2202101 Printing & Stationery | 200000 | 250000 |
| 103 | 2205101 Miscellaneous Legal Expenses | 100000 | 0 |
| 104 | 2205201 Professional & Other Fees | 25000 | 100000 |
| 105 | 2206001 Newspaper Advertisement Charges | 2000 | 15000 |
| 106 | 2206002 Keralolsavam Expenses | 150000 | 150000 |
| 107 | 2206099 Other Advertisement & Publicity Charges | 50000 | 50000 |
| 108 | 2206101 Membership & Subscriptions | 2000 | 10000 |
| 109 | 2208005 Donations And Contributions As Per Government Order | 52000 | 75000 |
| 110 | 2208099 Miscellaneous Administration Expenses | 850000 | 1000000 |
| 111 | 2302001 Water Charges - Street Tap | 11176 | 15000 |
| | **Total Administrative Expenses** | **1672993** | **1995000** |
| | **Operation and Maintenance - 230** | | |
| 112 | 2301001 Electricity Charges for Street Lights | 881322 | 1000000 |

| | | | |
|---|---|---|---|
| 113 | 2301002 Fuel Charges | 183052 | 500000 |
| 114 | 2304001 Vehicle Hire Charges | 45000 | 20000 |
| 115 | 2305301 Repairs & Maintenance - Vehicles | 88990 | 100000 |
| 116 | 2305902 Repairs & Maintenance - Office Equipments | 75000 | 100000 |
| 117 | 2305909 Other Repairs & Maintenance | 25000 | 30000 |
| 118 | 2308010 Extra - ordinary Expenses | 2000 | 10000 |
| 119 | 2308014 Expenses related to Inaugurations and Ceremonies | 50000 | 50000 |
| 120 | 2308201 Refreshment Charges | 77085 | 100000 |
| | Total Operation and Maintenance | 1427449 | 1910000 |
| | Interest and Finance Charges - 240 | | |
| 121 | 2407001 Bank Charges | 1000 | 5000 |
| | Total Interest and Finance Charges | 1000 | 5000 |
| | Programe Expenses - 250 | | |
| 122 | 2501001 Election Expenses | 267500 | 10000 |

| | | | |
|---|---|---|---|
| 123 | 2502001 Expenditure on Poverty Eradication Program | 16000000 | 20000000 |
| | Total Programe Expenses | 16267500 | 20010000 |
| | Expenses Related to Productive Sector - 251 | | |
| 124 | 2510101 Agriculture - Paddy | 110000 | 0 |
| 125 | 2510102 Agriculture - Coconut | 253752 | 0 |
| 126 | 2510104 Agriculture - Vegetables | 600000 | 0 |
| 127 | 2510105 Agriculture - Plaintane | 3000 | 0 |
| 128 | 2510106 Agriculture - Tubercrops | 100000 | 0 |
| 129 | 2510107 Agriculture - Fruits and Fruit Trees | 66666 | 0 |
| 130 | 2510115 Agriculture - Apiculture | 127900 | 0 |
| 131 | 2510132 Agriculture Related Facilities | 301000 | 0 |
| 132 | 2510138 Agriculture - Other Crops | 126000 | 0 |
| 133 | 2510201 Animal Husbandry - Cow | 780000 | 0 |
| 134 | 2510204 Animal Husbandry - Calf | 390000 | 0 |

| | | | |
|---|---|---|---|
| 135 | 2510205 Animal Husbandry - Poultry | 325000 | 0 |
| 136 | 2510209 Animal Husbandry - Infrastructure | 225000 | 0 |
| 137 | 2510210 Animal Husbandry - Disease Control | 67500 | 0 |
| 138 | 2510215 Protection of Animals | 90000 | 0 |
| 139 | 2510305 Dairy Development - Milk Incentives | 1646900 | 0 |
| 140 | 2510404 Inland -Pisciculture | 60000 | 0 |
| 141 | 2510502 Minor Irrigation - Individual facilities | 200000 | 0 |
| 142 | 2510802 Water Conservation | 628500 | 0 |
| 143 | 2510804 Environment Conservation | 150000 | 0 |
| 144 | 2511301 Self Employment and Marketing Promotion | 90000 | 0 |
| | Total Expenses Related to Productive Sector | 6341218 | 0 |
| | Expenses Related to Service Sector - 252 | | |
| 145 | 2520107 Education-Related Activities | 750960 | 0 |

| | | | |
|---|---|---|---|
| 146 | 2520111 Contribution towards SSA | 100000 | 0 |
| 147 | 2520503 Arts,Culture,Sports and Youth Welfare-Promotion | 150103 | 0 |
| 148 | 2520618 Medical Institution - Allopathy | 4097145 | 0 |
| 149 | 2520619 Medical Institution - Ayurvedic | 400000 | 0 |
| 150 | 2520620 Medical Institution - Homoeo | 75000 | 0 |
| 151 | 2520701 Drinking Water - Individual | 624000 | 0 |
| 152 | 2520801 Housing & House Electrification - Individual | 22241000 | 0 |
| 153 | 2520902 Child Welfare Program | 50000 | 0 |
| 154 | 2520903 Women Welfare | 325000 | 0 |
| 155 | 2520904 Welfare of the Aged | 200000 | 0 |
| 156 | 2520905 Welfare Programs for the Destitute | 250000 | 0 |
| 157 | 2520906 Welfare Programs for Physically/ Mentally Challenged | 1604700 | 0 |
| 158 | 2520908 Social Security Programme | 75000 | 0 |

| | | | |
|---|---|---|---|
| 159 | 2521001 Anganwadi Nutrition | 1685000 | 0 |
| 160 | 2521101 Anganwadi Infrastructure | 1011239 | 0 |
| 161 | 2521102 Anganwadi Related Services | 30000 | 0 |
| 162 | 2521601 Local Government Service Delivery Improvement | 440600 | 0 |
| 163 | 2521602 Payments to IKM | 60000 | 0 |
| 164 | 2521701 Allied Institution Service Delivery Improvement | 400000 | 0 |
| 165 | 2521904 Toilet (Individual) | 931200 | 0 |
| 166 | 2522001 Plan Formulation, Implementation and Monitoring | 316540 | 0 |
| 167 | 2522201 Disaster Management - Related Services | 1082000 | 0 |
| 168 | 2522305 Solid Waste Management - Collection and Transportation | 75000 | 0 |
| 169 | 2522310 Solid Waste Management - Disposal | 100000 | 0 |
| 170 | 2522314 Solid Waste Management - | 473000 | 0 |

| | | | |
|---|---|---|---|
| | Processing Individual | | |
| 171 | 2522320 Liquid Waste Management - Treatment | 320000 | 0 |
| 172 | 2522801 Loan Repayment | 100000 | 0 |
| 173 | 2523201 Information and Knowledge Dissemination Capacity Development | 20000 | 0 |
| | Total Expenses Related to Service Sector | 37987487 | 0 |
| | Expenses Related to Infrastructure Sector - 253 | | |
| 174 | 2530101 Street Lights | 225000 | 0 |
| 175 | 2530301 Public Buildings - Local Government Office Building | 2000 | 0 |
| 176 | 2530302 Public Buildings - Other Buildings | 1635538 | 0 |
| 177 | 2530405 Other Constructions | 2000 | 0 |
| 178 | 2530501 Vehicle Rent for Engineering Wing | 107000 | 0 |
| | Total Expenses Related to Infrastructure Sector | 1971538 | 0 |
| | Expenses related to State Sponsored | | |

| | | | |
|---|---|---|---|
| | Schemes - 254 | | |
| 179 | 2540103 Financial help to widows towards marriage expenses of daughters | 30000 | 0 |
| 180 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | 3957400 | 3957400 |
| 181 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | 8475000 | 8475000 |
| 182 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | 523200 | 523200 |
| 183 | 2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled | 3585500 | 3585500 |
| 184 | 2540117 Programmes/ Expenditures of Transferred Functions/ Schemes - Financial Help for Widow's Daughters Marriage | 0 | 150000 |
| 185 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | 25483800 | 25483800 |
| 186 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree | 0 | 7800000 |

| | | | |
|---|---|---|---|
| | Suraksha Scheme | | |
| | Total Expenses related to State Sponsored Schemes | 42054900 | 49974900 |
| | Prior Period Items - 280 | | |
| 187 | 2808001 Prior Period Expenses | 60000 | 100000 |
| | Total Prior Period Items | 60000 | 100000 |
| | Total Revenue Expenditure | 119302067 | 89760900 |
| | Capital Expenditure - 4 | | |
| | Refund of Deposits - 340 | | |
| 188 | 3401001 Earnest Money Deposit | 180000 | 0 |
| 189 | 3401002 Security Deposit | 80000 | 0 |
| 190 | 3401003 Retention | 550000 | 0 |
| 191 | 3402001 Rent Deposit | 10000 | 0 |
| 192 | 3408099 Other deposits received | 50000 | 0 |
| | Total Refund of Deposits | 870000 | 0 |

| | | | |
|---|---|---|---|
| | Payment of Recoveries - 350 | | |
| 193 | 3501102 Net Salary Payable | 355728 | 0 |
| 194 | 3501105 Pension and Gratuity Payable | 0 | 300000 |
| 195 | 3501106 Contribution to Central Pension Fund Payable | 14672 | 0 |
| 196 | 3501107 Contribution to Other Pension Fund Payable | 14672 | 0 |
| 197 | 3501116 Pension Contribution Payable | 34530 | 660000 |
| 198 | 3501122 Leave Salary Payable | 0 | 10000 |
| 199 | 3501301 Employers Liabilities - Pension Contribution (NPS) | 0 | 480000 |
| 200 | 3502001 Recoveries Payable - General Provident Fund | 16750 | 0 |
| 201 | 3502002 Recoveries Payable - Kerala Panchayat Employees Provident Fund | 41700 | 0 |
| 202 | 3502006 Recoveries Payable - Insurance Premium | 2300 | 0 |
| 203 | 3502012 Recoveries Payable - State Life | 10450 | 0 |

| | | | |
|---|---|---|---|
| | Insurance | | |
| 204 | 3502014 Recoveries Payable - Group Insurance | 9900 | 0 |
| 205 | 3502022 Recoveries Payable -Medisep - Regular | 4500 | 0 |
| 206 | 3503001 Government and Other Dues Payable - Library Cess Payable | 96510 | 0 |
| 207 | 3503008 Government and Other Dues Payable - CGST | 25067 | 0 |
| 208 | 3503009 Government and Other Dues Payable - SGST | 25067 | 0 |
| 209 | 3508001 Liability in respect of Stale Cheque | 4600 | 0 |
| | Total Payment of Recoveries | 656446 | 1450000 |
| | Fixed Assets - 410 | | |
| 210 | 4102002 Administrative Buildings | 230000 | 0 |
| 211 | 4102011 Public Comfort Stations | 449663 | 0 |
| 212 | 4102016 Other Buildings | 2534317 | 0 |
| 213 | 4102017 Compound Wall | 90959 | 0 |

| | | | |
|---|---|---|---|
| 214 | 4103001 Concrete Roads | 4555255 | 0 |
| 215 | 4103002 Black Topped Roads | 5289335 | 0 |
| 216 | 4103004 Footpath | 135000 | 0 |
| 217 | 4103012 Side Walls | 845158 | 0 |
| 218 | 4103099 Other Constructions | 729086 | 0 |
| 219 | 4103102 Drainage | 199874 | 0 |
| 220 | 4106002 Computers, Printers & Peripherals | 411964 | 0 |
| 221 | 4107001 Furniture, Fixtures, Fittings & Electrical Appliances | 50000 | 0 |
| 222 | 4108001 Other Fixed Assets | 2975500 | 0 |
| | **Total Fixed Assets** | **18496111** | **0** |
| | **Loans, Advances and Deposits - 460** | | |
| 223 | 4601001 Festival Advance to Employees | 66000 | 220000 |
| 224 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 1800000 | 2000000 |
| 225 | 4605099 Advance to Others | 95000 | 150000 |

| | | | |
|---|---|---|---|
| | Total Loans, Advances and Deposits | 1961000 | 2370000 |
| | Total Capital Expenditure | 21983557 | 3820000 |
| | Total plan Expenditure | | 51705869 |
| | Total Expenditure | 141285624 | 93580900 |
| | Total Receipts | 146953707 | 145994669 |
| | Balance | 17574626 | 18855404 |

# ജെൻഡർ ബഡ്ജറ്റ്-2026-27

| ക്രമ നം | പദ്ധതിയുടെപേര് | വിഭാഗം | അടങ്കൽ തുക | മാനദണ്ഡം | പ്രതീക്ഷിത നേട്ടം |
|---|---|---|---|---|---|
| 1 | **ജാഗ്രതാസമിതിശക്തിപ്പെട്ടത്തലുംകമ്മ്യൂണിറ്റിവുമണ് ഫെസിലിറ്റേറ്ററുടെവേതനംനല്കലും** | വനിത | 5,70,000 | ആനിക്കാട്ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളവർ | വനിതാക്ഷേമം |
| 2 | **വനിതകൾക്ക് സ്വയംതൊഴില്** | വനിത | 4,50,000 | ആനിക്കാട്ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളവർ | വനിതാക്ഷേമം |
| 3 | **ഷീഓട്ടോ** | വനിത | 4,50,000 | ആനിക്കാട്ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളവർ | വനിതാക്ഷേമം |
| 4 | **ആയുര് വേദആശുപത്രിയിലേക്ക് സ്ത്രീകള് ക്കുളളപ്രസവരക്ഷാകിറ്റ്വാങ്ങല്** | വനിത | 3,00,000 | ആനിക്കാട്ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളവർ | വനിതാക്ഷേമം |
| 5 | **ഓപ്പണ് ജിം) വനിത(** | വനിത | 2,50,000 | ആനിക്കാട്ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളവർ | വനിതാക്ഷേമം |

.

# പെർഫോർമൻസ് ബഡ്ജറ്റ്

| ക്രമ നം | പദ്ധതിയുടെ പേര് | നോൺ പ്ലാൻബ ഡ്ജറ്റ് | പ്ലാൻ ബഡ്ജറ്റ് | പ്രതീക്ഷിതനേട്ടം |
|---|---|---|---|---|
| 1 | തെങ്ങ് വെട്ടി മാറ്റിപുതിയ തൈ വെയ്ക്കൽ | | 1,00,000 | നാളികേര കർഷകരുടെഉന്നമനം |